"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുമരാമത്ത് വകുപ്പ് - മേരി മൗണ്ട് പബ്ലിക്ക് സ്കൂൾ ഫയൽ ചെയ്തWP(C) No.15069 / 2021- മേലുള്ള ബഹു.ഹൈക്കോടതിയുടെ 23.09.2021-ലെ വിധിന്യായം നടപ്പിലാക്കിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുമരാമത്ത് (എച്ച്) വകുപ്പ്

സ.ഉ.(സാധാ) നം.483/2024/PWD തീയതി,തിരുവനന്തപുരം, 29-04-2024

---

പരാമർശം:-

1. ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രിയ്ക്ക് മേരി മൗണ്ട് പബ്ലിക് സ്കൂൾ പ്രിൻസിപ്പൽ സമർപ്പിച്ച 15.10.2020-ലെ MMPS/LET/2020/57 നമ്പർ നിവേദനം.(Expt.P3 in WP(C) 15069/2021)

2. ശ്രീ.അജി തോമസ്, ശ്രീ.അജി എന്നിവർ ചേർന്ന് ഫയൽ ചെയ്ത WP(C)No.24225/2020- മേലുള്ള ബഹു. ഹൈക്കോടതിയുടെ 24.11.2020- ലെ വിധിന്യായം.

3. WP(C)No.24225/2020-മേലുള്ള ബഹു. ഹൈക്കോടതിയുടെ 24.11.2020-ലെ വിധി ന്യായത്തിനെതിരെ മേരി മൗണ്ട് പബ്ലിക്ക് സ്കൂൾ, പ്രിൻസിപ്പൽ ഫയൽ ചെയ്ത ആർ.പി.നം.75/2021-മേലുള്ള ബഹു.ഹൈക്കോടതിയുടെ 01.02.2021-ലെ ഉത്തരവ്.

4. മേരിമൗണ്ട് പബ്ലിക് സ്കൂൾ പ്രിൻസിപ്പലിന് പൊതുമരാമത്ത് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോട്ടയം അയച്ച 26.07.2021-ലെ എ.ബി 4/COC/1037/2021 നമ്പർ കത്ത് (Expt.P9 in WP(C) No.15069/2021).

5. പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ 30.07.2021-ലെ CEPWD/6008/2021-C4(W)-RD -നമ്പർ കത്ത് (Expt. P11 in WP(C) No.15069/2021)

6. ബഹു. ഹൈക്കോടതിയുടെ 75/2021 നമ്പർ പുന:പരിശോധന ഹർജി, 24225/2020 നമ്പർ റിട്ട് ഹർജി എന്നിവയിലെ വിധിയുടെ അടിസ്ഥാനത്തിൽ 03.08.2021-ന് പൊതുമരാമത്ത് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറും (കോട്ടയം) മേരി മൗണ്ട് പബ്ലിക്ക് സ്കൂൾ പ്രതിനിധികളും തമ്മിലുള്ള കൂടിക്കാഴ്ചയുടെ റിപ്പോർട്ട്.

7. മേരി മൗണ്ട് പബ്ലിക്ക് സ്കൂൾ ഫയൽ ചെയ്ത WP(C) No. 15069/2021-

മേലുള്ള ബഹു.ഹൈക്കോടതിയുടെ 23.09.2021-ലെ വിധിന്യായം.

8. മേരി മൗണ്ട് പബ്ലിക്ക് സ്കൂൾ പ്രിൻസിപ്പലിന് നല്കിയ 31.10.2021-ലെ PWD-H1-1/194/2021-PWD നമ്പർ സർക്കാർ കത്ത്.

**ഉത്തരവ്**

കോട്ടയം, ഏറ്റുമാനൂർ - പൂഞ്ഞാർ റോഡ് പുറമ്പോക്കിൽ മേരി മൗണ്ട് പബ്ലിക്ക് സ്കൂൾ സ്ഥാപിച്ചിട്ടുള്ള ആർച്ച് സംബന്ധിച്ചാണ് പരാമർശിത കേസുകൾ ഫയൽ ചെയ്തിട്ടുള്ളത്. മേരി മൗണ്ട് പബ്ലിക്ക് സ്കൂൾ സ്ഥിതി ചെയ്യുന്നത് ഏറ്റുമാനൂർ - പൂഞ്ഞാർ സംസ്ഥാന പാതയിൽ ക.മീ.4/000 വലതു ഭാഗത്തായിട്ടാണ്. ടി റോഡിൽ നിന്നാണ് പ്രസ്തുത സ്കൂളിലേയ്ക്കുള്ള പ്രധാന റോഡ് ആരംഭിക്കുന്നത്. നിലവിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡും പുറമ്പോക്കും കൂടി ഉൾപ്പെടുത്തിയാണ് സ്കൂളിലേയ്ക്കുള്ള റോഡ് ഉപയോഗ യോഗ്യമാക്കിയിട്ടുള്ളത്. ഏറ്റുമാനൂർ പൂഞ്ഞാർ റോഡ് പുനർ നിർമ്മിച്ചപ്പോൾ ഉണ്ടായ പഴയ പുറമ്പോക്ക് റോഡ് - സൈഡിൽ 1997-ൽ സ്കൂളിന്റെ ഒരു ആർച്ച് സ്ഥാപിതമായിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ അറിവോ സമ്മതമോ കൂടാതെയാണ് സ്കൂൾ അധികൃതർ ആർച്ച് സ്ഥാപിച്ചത്. പുനർനിർമ്മിച്ച റോഡിൽ നിന്നും മാറി സ്ഥാപിതമായിട്ടുള്ള സ്കൂൾ ആർച്ച് നിലവിൽ യാതൊരുവിധ ഗതാഗത തടസങ്ങളും ഉണ്ടാക്കുന്നില്ല. ആയത് സ്ഥാപിച്ചിട്ടുള്ളത് 10 മീറ്റർ വീതിയിലുള്ള പൊതുമരാമത്തു റോഡിന്റെ വശത്തായി പുറമ്പോക്കിൽ ആരംഭിക്കുന്ന ബൈറോഡിന്റെ കുറുകെയാണ്. ആയത് ഗതാഗത തടസം സൃഷ്ടിക്കുന്നതല്ല എന്ന് കോട്ടയം നിരത്ത് വിഭാഗം എക്സിക്യൂട്ടിവ് എൻജിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. എന്നാൽ ടി വിഷയത്തിൽ റോഡ് പുറമ്പോക്ക് കൈയേറ്റവുമായി ബന്ധപ്പെട്ട് ശ്രീ.അജി തോമസ്, ശ്രീ. അജി എന്നിവർ ചേർന്ന് ബഹു.ഹൈക്കോടതിയിൽ റിട്ട് ഹർജി നം.24225/2020 ഫയൽ ചെയ്യുകയുണ്ടായി. ഹൈവേ പ്രൊട്ടക്ഷൻ ആക്റ്റ് പ്രകാരം കയ്യേറ്റങ്ങൾ 3 മാസത്തിനകം ഒഴിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം ബഹു.ഹൈക്കോടതി ഉത്തരവായി.

2. പ്രസ്തുത ഉത്തരവിനെതിരെ സ്കൂൾ അധികൃതർ ഫയൽ ചെയ്ത റിവ്യൂ പെറ്റീഷനിന്മേലുള്ള ബഹു.ഹൈക്കോടതിയുടെ പരാമർശം (3) -ലെ ഉത്തരവ് പ്രകാരം റിവ്യൂ പെറ്റീഷണറുടെ ഭാഗം കൂടെ കേട്ട് തീരുമാനം എടുക്കണമെന്ന് ഉത്തരവാകുകയും ചെയ്തതായി പരാമർശം (5) പ്രകാരം പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം ചീഫ് എൻജിനീയർ റിപ്പോർട്ട് ചെയ്തിരുന്നു. സ്കൂളിന്റെ അപേക്ഷ പരിഗണിച്ച് പുറമ്പോക്കിൽ സ്ഥാപിച്ചിരിക്കുന്ന ആർച്ച് ഭാവിയിൽ റോഡ് വികസനം ആവശ്യമായി വരുകയാണെങ്കിൽ പൊതുമരാമത്ത് ആവശ്യപ്പെടുന്ന മുറയ്ക്ക് സ്കൂൾ മാനേജ്മെന്റിന്റെ സ്വന്തം ചെലവിൽ പൊളിച്ചു നീക്കാം എന്ന നിബന്ധന ഉൾപ്പെടുത്തിയ ഉടമ്പടിയിലൂടെ ആർച്ച് നിലനിർത്തിക്കൊള്ളാൻ അനുമതി നൽകുന്നത് സംബന്ധിച്ച തീരുമാനത്തിനായി ചീഫ് എൻജിനീയർ ശുപാർശ സർക്കാരിൽ സമർപ്പിച്ചിരുന്നു.

3. ബഹു.ഹൈക്കോടതിയുടെ പരാമർശം (3) ഉത്തരവ് പ്രകാരം കോട്ടയം നിരത്ത് വിഭാഗം എക്സിക്യൂട്ടിവ് എൻജിനീയറും മേരി മൗണ്ട് പബ്ലിക്ക് സ്കൂൾ പ്രതിനിധികളും തമ്മിൽ 03.08.2021-ൽ കൂടിക്കാഴ്ച നടത്തി പരാമർശം (6) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ ഏറ്റുമാനൂർ-പൂഞ്ഞാർ റോഡ് വളവ് നിവർത്തി പുനർ നിർമ്മിച്ചപ്പോൾ ഉണ്ടായ പഴയ പുറമ്പോക്ക് സൈഡിലാണ് 1997-ൽ സ്കൂളിന്റെ പേരെഴുതിയ പ്രവേശന കവാടം സ്ഥാപിച്ചത് എന്നും പ്രസ്തുത പ്രവേശന കവാടം മൂലം യാതൊരുവിധ അപകടങ്ങളും യാത്രാ ബുദ്ധിമുട്ടുകളും ഉണ്ടായിട്ടില്ലാത്തതാണ് എന്നും ആയതിനാൽ സ്കൂളിന്റെ പേരെഴുതിയ പ്രവേശന കവാടം

പ്രസ്തുത സ്ഥലത്തുതന്നെ നിലനിർത്താൻ അനുവദിക്കണമെന്നും കൂടാതെ പ്രവേശന കവാടവും കുട്ടികൾ നടക്കുന്ന സ്ഥലവും ഉൾപ്പെടുന്ന പുറമ്പോക്ക് ഭൂമി കാട് പിടിച്ച് കിടക്കാതെ സൌന്ദര്യവല്ക്കരണത്തിന്റെ ഭാഗമായി ചെടികളും ഔഷധ സസ്യങ്ങളും നട്ടു പിടിപ്പിക്കുന്നതിനും അനുമതി നല്കണമെന്നും പൊതുമരാമത്ത് വകുപ്പ് എപ്പോൾ ആവശ്യപ്പെട്ടാലും ചെടികളും ആർച്ചും സ്വമേധയാ മാറ്റി നൽകുന്നതാണ് എന്നും മേരി മൗണ്ട് പബ്ലിക്ക് സ്കൂൾ പ്രതിനിധികൾ വ്യക്തമാക്കിയിട്ടുണ്ട് എന്നറിയിച്ചിരിക്കുന്നു.

4. ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രിയ്ക്ക് മേരിമൌണ്ട് പബ്ലിക് സ്കൂൾ പ്രിൻസിപ്പൽ സമർപ്പിച്ച പരാമർശം (1)-ലെ നിവേദനം വിശദമായി പരിശോധിച്ച ശേഷം നിലവിലെ വ്യവസ്ഥകൾ പ്രകാരം അപേക്ഷ പരിഗണിക്കുവാൻ നിർവ്വാഹമില്ല എന്ന വിവരം പരാമർശം (8) പ്രകാരം ടി സ്കൂൾ പ്രിൻസിപ്പലിനെ സർക്കാർ അറിയിച്ചിട്ടുണ്ട്.

5. ബഹു.ഹൈക്കോടതിയുടെ പരാമർശം (7)-ലെ വിധിന്യായം പ്രകാരം പരാമർശം (4) റദ്ദ് ചെയ്യും, പരാമർശം (5) & (6) എന്നിവയുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയത്തിൽ ഉചിതമായ തീരുമാനമെടുത്ത് ഉത്തരവ് പുറപ്പെടുവിക്കുവാൻ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയ്ക്ക് (2-ാം എതിർകക്ഷി) നിർദ്ദേശം നൽകിയും, പ്രസ്തുത നടപടി പൂർത്തിയാകുന്നതുവരെ ആർച്ച് നീക്കം ചെയ്യുന്നതിനുള്ള എല്ലാ നടപടികളും മാറ്റിവയ്ക്കേണ്ടതാണെന്നും ബഹു.ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും പരാമർശം (8) -ന്റെ വെളിച്ചത്തിലും മേരി മൗണ്ട് പബ്ലിക്ക് സ്കൂൾ അധികൃതരുടെ അഭ്യർത്ഥന നിലവിലെ വ്യവസ്ഥകൾ പ്രകാരം അംഗീകരിക്കുവാൻ നിർവ്വാഹമില്ല എന്നതിനാൽ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. പരാമർശം (7) വിധിന്യായം ഇപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീദേവി ഇ എസ്

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം).
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം, തിരുവനന്തപുരം.
എക്സിക്യൂട്ടിവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം, കോട്ടയം.
പ്രിൻസിപ്പൽ, മേരിമൌണ്ട് പബ്ലിക് സ്കൂൾ, കട്ടച്ചിറ പി ഒ, കോട്ടയം - 686572.
സ്റ്റോക്ക് ഫയൽ(File No.H1/194/2021/PWD) /ഓഫീസ് കോപ്പി/വെബ്സൈറ്റ്.

ഉത്തരവിൻ പ്രകാരം

Signed by
Priyanka T V
Date: 02-05-2024 10:58:25

സെക്ഷൻ ഓഫീസർ

പകർപ്പ്.- പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പി.എസ്.
പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ പി.എ-യ്ക്ക്
പൊതുമരാമത്ത് (ജി) വകുപ്പ്.